# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5305 — 02.07.2013-ൽ മറുപടിക്ക്

## അഫോഡബിൾ ഹൗസിംഗ് സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട് എന്ന സർക്കാർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന അഫോഡബിൾ ഹൗസിംഗ് സ്കീമിന്റെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) സുരക്ഷിതവും ഭദ്രവുമായ പാർപ്പിടം മനുഷ്യന്റെ അടിസ്ഥാന ആവശ്യമാണെന്ന കാഴ്ചപ്പാടിൽ "എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട്" എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി ഒരു പുതിയ ഭവന പദ്ധതിയായ അഫോഡബിൾ ഹൗസിംഗ് സ്കീം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ നഗര പ്രാന്തപ്രദേശങ്ങളിലും അർദ്ധ നഗര പ്രദേശങ്ങളിലും ഉള്ള പാവപ്പെട്ടവരുടേയും താഴ്ന്ന വരുമാനക്കാരുടേയും ഇടത്തരം വരുമാനക്കാരുടേയും ഭവന ആവശ്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകുന്നതായിരിക്കും. ഈ ഭവന പദ്ധതിയിൽ താങ്ങാനാവുന്നതും പര്യാപ്തമാവുന്നതുമായ രീതിയിലുള്ള ഭവന നിർമ്മാണം സാധ്യമാകുന്നതിനുവേണ്ടി വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ ആനുകൂല്യങ്ങളും വിവിധ വായ്പാ സംവിധാനങ്ങളിലുള്ള ആനുകൂല്യങ്ങളും സംസ്ഥാന സർക്കാരിന്റെ സീറോ ലാൻഡ്ലെസ്സ് പദ്ധതി പ്രകാരം സൗജന്യമായി ലഭ്യമാകുന്ന ഭൂമിയും പ്രയോജനപ്പെടുത്തുന്നതാണ്. കേന്ദ്ര ആവിഷ്കൃത പദ്ധതികളിലെ നിർദ്ദേശങ്ങളായ ഫ്ളോർ ഏരിയ റേഷ്യോ (എഫ്.എ.ആർ) യിലും സ്റ്റാമ്പ് ഡ്യൂട്ടിയിലുമുള്ള ഇളവ് വഴിയുള്ള ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതാണ്. വിവിധ സംസ്ഥാന വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ആനുകൂല്യങ്ങളിലൂടെ സാമൂഹികവും ഭൗതികവുമായ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതി പ്രദേശത്ത് രൂപീകരിക്കുന്നതിന് വിനിയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ